| ഗസറ്റ് തീയതി **09-07-2013**<br>അവസാനതീയതി **07-08-2013** |
|---|
| **Category No: 155/2013** |

<u>എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ</u>

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ നിശ്ചിത ശതമാനം ഒഴിവുകൾ ബോർഡിൽ സർവ്വീസിൽ ഇരിക്കുന്ന 'സി' വിഭാഗത്തിലെ എസ്.എസ്.എൽ.സി. യോഗ്യതയുള്ള ജീവന ക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനുവേണ്ടിയുള്ള എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊളളുന്നു. **[ G.O(MS) 95/2000/LBR date 05-10-2000 Rule 6(2) and annexure]**

**1).** <u>യോഗ്യത</u>:– **i).** എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.

**ii)** ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ **approved probationer or full member** ആയിരിക്കണം.

**2).** <u>പ്രായപരിധി</u>:– ബാധകമല്ല.

**3)** <u>പരീക്ഷ</u>:– ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി **100** മാർക്കുമുള്ള പരീക്ഷ.

**4).** <u>അപേക്ഷാ ഫീസ്</u>:– ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല

**5).** <u>അപേക്ഷ അയക്കേണ്ട രീതി</u>:– അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. വിശദ വിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.

<u>കുറിപ്പ്</u>:– **i)** വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേ ക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**ii)** അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പരീക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത കൂടാതെ അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന്

തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.

**iii).** കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40% ആയി നിശ്ചയിച്ചിരിക്കുന്നു.

**6)** <u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി</u> :– **07/08/2013** ബുധനാഴ്ച അർദ്ധരാത്രി **12** മണിവരെയാണ്.